**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

26.06.2019 ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4756

## പട്ടികജാതി വനിത സംവരണവാർഡുകൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.മുല്ലക്കര രത്നാകരൻ :** | | **ശ്രീ. എ.സി. മൊയ്തീൻ**<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ) |
| (എ) ഗ്രാമപഞ്ചായത്തുകളിലെ പട്ടികജാതി വനിത സംവരണവാർഡുകൾ തെരഞ്ഞെടുക്കുന്നതിന് പ്രത്യേകമായ എന്തെങ്കിലും മാനദണ്ഡങ്ങൾ നിലവിലുണ്ടോ; | (എ) | 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 7(3) പ്രകാരം ഓരോ ഗ്രാമപഞ്ചായത്തിലും പട്ടികജാതിക്കാർക്കും പട്ടികവർഗക്കാർക്കും സ്ഥാനങ്ങൾ സംവരണം ചെയ്യേണ്ടതാണ്. വകുപ്പ് 7(4) പ്രകാരം സംവരണം ചെയ്യേണ്ട സ്ഥാനങ്ങളുടെ എണ്ണം സർക്കാർ നിശ്ചയിക്കേണ്ടതും അപ്രകാരം നിശ്ചയിച്ച സ്ഥാനങ്ങളുടെ എണ്ണത്തിന് ആ പഞ്ചായത്തിലെ ആകെ സ്ഥാനങ്ങളുടെ എണ്ണവുമായുള്ള അനുപാതം, കഴിയുന്നിടത്തോളം, ആ പഞ്ചായത്തു പ്രദേശത്തെ, അതതു സംഗതി പോലെ, പട്ടികജാതിക്കാരുടെയോ പട്ടികവർഗക്കാർക്കാരുടെയോ ജനസംഖ്യക്ക് ആ പഞ്ചായത്തു പ്രദേശത്തെ ആകെ ജനസംഖ്യയുമായുള്ള അനുപാതം തന്നെ ആയിരിക്കേണ്ടതും ആ പഞ്ചായത്തു പ്രദേശത്തെ വിവിധ നിയോജക മണ്ഡലങ്ങൾക്ക് ആവർത്തനക്രമമനുസരിച്ച് നീക്കിവയ്ക്കേണ്ടതുമാണ്.<br>വകുപ്പ് 7(5) പ്രകാരം ഇപ്രകാരം സംവരണം ചെയ്ത സ്ഥാനങ്ങളുടെ എണ്ണത്തിന്റെ |

| | | | |
|---|---|---|---|
| | | | അൻപത് ശതമാനം സർക്കാർ അതതു സംഗതി പോലെ, പട്ടികജാതികളിലോ പട്ടികവർഗങ്ങളിലോ പെടുന്ന സ്ത്രീകൾക്കായി സംവരണം ചെയ്യേണ്ടതാണ്.എന്നാൽ ഒരു ഗ്രാമപഞ്ചായത്തിൽ പട്ടികജാതിക്കാർക്ക് സംവരണം ചെയ്ത സ്ഥാനങ്ങളുടെ എണ്ണം ഒന്ന് മാത്രമേ ഉള്ളുവെങ്കിൽ ആ സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്യേണ്ടതില്ല. പട്ടികജാതി സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടുള്ള സ്ഥാനങ്ങൾ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനോ കമ്മീഷൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ ആ പഞ്ചായത്തു പ്രദേശത്തെ വിവിധ നിയോജക മണ്ഡലങ്ങൾക്ക് ആവർത്തനക്രമമനുസരിച്ച് നറുക്കെടുപ്പിലൂടെ നീക്കിവയ്ക്കേണ്ടതാണ്. ഓരോ പഞ്ചായത്തിലും മുൻപ് സംവരണ വാർഡുകളായി നിശ്ചയിച്ചിരുന്നവ ഒഴിവാക്കിയാണ് ഇത്തരത്തിൽ നറുക്കെടുപ്പ് നടത്തുന്നത്. |
| (ബി) | നിലവിൽ സംസ്ഥാനത്ത് എത്ര പട്ടികജാതി വനിത സംവരണ വാർഡുകൾ ഉണ്ട് എന്ന് വ്യക്തമാക്കാമോ? | (ബി) | സംസ്ഥാനത്ത് നിലവിലുള്ള പട്ടികജാതി വനിത സംവരണ വാർഡുകൾ :<br>ഗ്രാമ പഞ്ചായത്ത് തലം : 748<br>ബ്ലോക്ക് പഞ്ചായത്ത് തലം : 76<br>ജില്ലാ പഞ്ചായത്ത് തലം : 16<br>മുനിസിപ്പാലിറ്റി : 117<br>മുനിസിപ്പൽ കോർപ്പറേഷൻ : 15<br>ആകെ : 972 |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**